**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5230** **21-07-2022 - ൽ മറുപടിയ്ക്ക്**

**താനൂരിലെ സി.എച്ച്. മുഹമ്മദ് കോയ ഗവ. കോളേജിന് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ഡോ. ആര്‍ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | താനൂരിൽ 2013-ൽ പ്രവർത്തനം ആരംഭിച്ച സി.എച്ച്. മുഹമ്മദ് കോയ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ് നിലവിലും താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജിന് സ്വന്തമായി കെട്ടിടങ്ങളും, മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ലഭ്യമായിട്ടുണ്ട്. കോളേജിന് സ്വന്തമായി കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിനായി മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ ഒഴൂർ വില്ലേജിൽ സർവ്വേ നമ്പർ 152/5 (പുതിയത്) 152/4(പഴയത്) പ്രകാരമുള്ള 2.1002 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് കളക്ടറുടെ ഉത്തരവനുസരിച്ച് തിരൂർ സ്പെഷ്യൽ തഹസിൽദാർ (എൽ.എ ജനറൽ) അവാർഡ് പാസ്സാക്കിയിട്ടുണ്ട്. ഭൂവുടമകൾക്ക് പാസ്സാക്കിയിട്ടുള്ള അവാർഡ് തുക മഞ്ചേരി അഡീഷണൽ ജില്ലാ & സെക്ഷൻസ് കോടതി II ൽ കെട്ടിവെച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കോളേജിന് സ്വന്തമായി കെട്ടിടങ്ങളും, മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | കോളേജിന് സ്വന്തമായി കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരിത്തിയിട്ടുള്ളതും SPV ആയ കിറ്റ്കോ കെട്ടിടനിർമ്മാണത്തിന് ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ